ഈ വാക്കിനർഥം മനുഷ്യോദ്ധാരണ ത്തിന് ആവശ്യമായ ബോധിക്ക് (ജ്ഞാന ത്തിന്) വേണ്ടി പ്രവർത്തിക്കുന്ന ജീവി എന്നാണ്. ബോധിസത്വൻ എന്നത് അല്പം വ്യത്യസ്ത അർത്ഥങ്ങളിൽ വ്യാഖ്യാനിക്ക പ്പെടുന്നു. ഥേരവാദ പ്രകാരം സിദ്ധാർഥൻ ജനിച്ച് ബുദ്ധനാകുന്നതുവരെ ഉള്ള അവസ്ഥ യാണ് ബോധിസത്വൻ. എന്നാൽ ജാതക കഥകളിലെ ബോധിസത്വൻമാർ ബുദ്ധൻ സിദ്ധാർഥനായി ജനിക്കുന്നതിന് മുമ്പുള്ള ജൻമങ്ങളിലുള്ളതാണ്.

മഹായാന വിശ്വാസ പ്രകാരം ദുഃഖ ത്തിൽ നിന്നുള്ള മുക്തിക്കുവേണ്ടി പൂർണ്ണ ജ്ഞാനം ലഭിക്കാൻ യത്നിക്കുന്നവനാണ് 'ബോധിസത്വൻ'. ഥേരവാദത്തിലെ അർഹതൻ എന്നതിന് തത്തുല്യമാണ് മഹായാനത്തിൽ ബോധിസത്വൻ. എന്നാൽ ബോധിസത്വൻ സ്വന്തം മോചനത്തിന് യത്നിക്കുന്നതിന് പകരം ലോകത്തിലെ സഹജീവികൾക്കു വേണ്ടിയാണ് എന്ന വ്യത്യാസമുണ്ട്.

ബോധിസത്വന് തുടർച്ചയായ പത്ത് ജൻമങ്ങളുണ്ടത്രേ. ആദ്യ ജൻമത്തിൽ മുദിതം (സന്തോഷം) ആർജിച്ച് ജീവജാലങ്ങളുടെ നൻമ ആഗ്രഹിക്കുന്നു. രണ്ടാം ജന്മത്തിൽ വിചലം(വിശുദ്ധി ) ആർജിച്ച് വിഷയലമ്പടത്വം ഉപേക്ഷിക്കുന്നു. മൂന്നാം ജൻമത്തിൽ പ്രഭാകരി (പ്രകാശം) നേടി ബുദ്ധി പ്രകാശ പൂരിതമായി പരിജ്ഞാനം ആഗ്രഹിക്കുന്നു. നാലാം ജന്മത്തിൽ അർചിഷ്മതി(അഗ്നി തുല്യമായ ധിഷണാശക്തി) നേടുന്നു. അഞ്ചാം ജന്മത്തിൽ സുദുർജയ (അജയ്യത) നേടുന്നു. ആറാം ജന്മത്തിൽ അഭിമുഖിയായി ജീവികളോട് കരുണതോന്നി അവയുടെ പരിണാമത്തിന് കാരണമായ 12 നിദാനങ്ങളെ അറിയുന്നു. ഏഴാം ജന്മത്തിൽ ദൂരംഗമൻ(വിദൂരതയിലേക്ക് പോകുന്നവൻ) ആയി കാലദേശങ്ങൾക്കും ലാഭമോഹങ്ങൾക്കും അതീതനാകുന്നു. എട്ടാം ജൻമത്തിൽ അചലനാകുന്നു. ഒമ്പതാം ജൻമത്തിൽ സാധുമതി ആയി ധർമ്മങ്ങളെ ജയിച്ച് ദിക്കുകളെ കീഴടക്കുന്നു. പത്താമത്തെ ജൻമത്തിൽ ബോധിസത്വൻ ധർമ്മമേഘമായി ബുദ്ധന്റെ അമേയമായ ദിവ്യദൃഷ്ടി ലഭിക്കുന്നു. തുടർന്ന് പത്ത് പാരമിതകളും പരിശീലിച്ച് നേടുന്നതോടെ ബോധിസത്വൻ ബുദ്ധനാകുന്നു. ബോധിസത്വന്റെ ജീവിതത്തിലെ പരമകാഷ്ഠയാണ് ബുദ്ധൻ.

മഹായാനത്തിൽ വളരെയധികം ബോധി സത്വൻമാരുണ്ട്. ബുദ്ധനായി നിർവാണത്തിലേക്ക്കടക്കാൻ വിസമ്മതിച്ച് ഇവർ ലോക നന്മക്കായി നിലകൊള്ളുന്നവരത്രെ.

**ബുദ്ധമത ഗ്രന്ഥങ്ങൾ**

ബുദ്ധൻ തന്റെ പ്രബോധനങ്ങൾ ഒന്നും തന്നെ പുസ്തക രൂപത്തിൽ എഴുതിയിരുന്നില്ല. ഇവ വാമൊഴിയായാണ് പ്രചരിച്ചത്. ബുദ്ധന്റെ കാലശേഷം വളരെ വർഷങ്ങൾ കഴിഞ്ഞ് ക്രി.മു. 253 ൽ അശോകന്റെ കാലത്തു നടന്ന സമ്മേളനത്തിലാണ് ഇവ ആദ്യമായി ക്രോഡീകരിക്കപ്പെട്ടത്. ബുദ്ധമതത്തിന്റെ അടിസ്ഥാന ഗ്രന്ഥമാണ് പാലി ഭാഷയിലുള്ള 'ത്രിപിടക' . മൂന്നു കുട്ട നിറയെ പുസ്തകങ്ങൾ എന്നാണ് ഈ പദത്തിന്റെ അർഥം. ആദ്യ കാലത്ത് ഓലയിൽ എഴുതി കുട്ടയിൽ സൂക്ഷിക്കപ്പെട്ടു. ഹിന്ദുക്കൾക്ക് വേദങ്ങൾ, ക്രൈസ്തവർക്ക് ബൈബിൾ, മുസ്ലീങ്ങൾക്ക് ഖുറാൻ എന്നിവ പോലെയാണ് ബൗദ്ധർക്ക് ത്രിപിടക ങ്ങൾ. ഇതിന് ബൈബിളിന്റെ 13 ഇരട്ടി വലിപ്പ മുണ്ട്. ഥേരവാദക്കാർക്ക് ത്രിപിടകങ്ങൾ പ്രമാണ ഗ്രന്ഥങ്ങളാണ്. ത്രിപിടകയുടെ മൂന്നു ഭാഗങ്ങളാണ് -

1. വിനയപിടകം - ഇതിൽ ബുദ്ധ സന്യാസി സംഘത്തിന്റെ നിയമങ്ങളും ചട്ടങ്ങളും ആണ്. ഈ പിടകത്തിൽ 5 പുസ്തക ങ്ങളുണ്ട്-മഹാവഗ്ഗം,പുള്ളവഗ്ഗം, മഹാ വിഭാംഗം, ഭിഖുണി വിഭാംഗം, പരിവരം.
2. സുത്തപിടകം - ധർമ്മത്തെപ്പറ്റിയുള്ള ബുദ്ധന്റെ തത്വങ്ങളും പ്രഭാഷണങ്ങളും അടങ്ങിയ ഈ പിടകത്തിൽ 5 നികായ ങ്ങളുണ്ട് - ദീഘ(34 ദീർഘ പ്രഭാഷണ ങ്ങൾ),മജ്ഝിമ(156 പ്രഭാഷണങ്ങൾ, സംയുത്ത (56 സൂത്രങ്ങൾ) അംഗുത്തര (2308 സൂത്ര ങ്ങളും11ഗണങ്ങളും),ഖുദ്ദക(ബുദ്ധന്റെ മുൻ ജൻമങ്ങൾ).

   ബുദ്ധന്റെ പ്രധാന ഉപദേശങ്ങളടങ്ങിയ 'ധർമ്മപദ' സുത്തപിടകയുടെ ഭാഗമാണ്. 26 അധ്യായങ്ങളുള്ള ഇത് ഏറ്റവും പ്രചാരമുള്ള ബുദ്ധ ഉപദേശ പുസ്തക മാണ്.
3. അഭിധർമ്മപിടകം - ഈ പിടകത്തിൽ ബുദ്ധ തത്വങ്ങളുടെ ദാർശനികവും മനശ്ശാസ്ത്ര പരവുമായ കാര്യങ്ങൾ ഗഹനമായി അടങ്ങിയിരിക്കുന്നു. ഇതിൽ 7 പുസ്തകങ്ങളുണ്ട് - ധമ്മസംഗാനി, വിഭംഗം, ധാതുകഥ, പുഗ്ഗലപുന്നതി, കഥാവത്ഥു, യമകം, പത്ഥാനം.

മഹായാനത്തിന് സംസ്കൃതത്തിൽ 9 പ്രധാന ഗ്രന്ഥങ്ങളുണ്ട് - അസ്തസഹസ്രിക പ്രജ്ഞാപാരമിത, സദ്ധർമ പുണ്ഡരിക, ലളിത വിസ്തര, ലങ്കാവതാര, സുവർണ്ണ പ്രഭാസ, ഗണ്ഡവ്യൂഹ, തഥാഗത ഗുഹ്യക, സമാധിരാജ, ദശഭൂമിസ്വര. ഇവയുടെ രചയിതാക്കൾ നാഗാർജുനൻ, വസുബന്ധു, അസംഗൻ എന്നിവരാണ്.

വസുമിത്രൻ രചിച്ച 'മഹാവിഭാഷ' ബുദ്ധമതത്തെ സംബന്ധിച്ച ഏറ്റവും സമഗ്ര മായ വിജ്ഞാന ഗ്രന്ഥമാണ്.

ക്രി.പി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ച അശ്വഘോഷൻ രചിച്ച ബുദ്ധചരിതം എല്ലാ ബുദ്ധമത വിഭാഗങ്ങളും അംഗീകരിക്കുന്ന ഗ്രന്ഥമാണ്.

**ത്രിരത്നങ്ങളും ത്രിശരണങ്ങളും**

ബുദ്ധമതത്തിന്റെ മൂന്ന് രത്നങ്ങൾ ബുദ്ധൻ, ധർമ്മം, സംഘം എന്നിവയാണ്. ബുദ്ധൻ എന്നാൽ ഇരുട്ടിൽ നിന്നും വെളിച്ച ത്തിലേക്കും ജ്ഞാനത്തിലേക്കും കൊണ്ടു പോകുന്നവൻ എന്നാണർത്ഥം. ചിന്താശൂന്യതയിൽ നിന്ന് ഉയർന്ന ബോധത്തിലേക്ക് പോകുന്നതാണ് ധർമ്മം. ധ്യാന പരിശീലനത്തിന് ഒന്നു ചേരുന്ന സമൂഹമാണ് സംഘം. ത്രിരത്നങ്ങളിൽ എത്തിച്ചേരുകയോ സ്വയം സമർപ്പിക്കുകയോ ചെയ്യുന്നതിലൂടെ എല്ലാ കഷ്ടപ്പാടുകളിൽ നിന്നും മോചനം ലഭിക്കുമെന്നാണ് വിശ്വാസം. ആ യാത്രയുടെ ആരംഭം ബുദ്ധ ധർമ്മസംഘത്തിൽ അഭയം പ്രാപിച്ചുകൊണ്ടാണ് .

ത്രിരത്നങ്ങൾ ചേർന്ന മൂന്ന് മന്ത്രങ്ങ ളാണ് ത്രിശരണങ്ങൾ.

ബുദ്ധം ശരണം ഗച്ഛാമി - ഞാൻ ബുദ്ധനിൽ അഭയം പ്രാപിക്കുന്നു.

ധർമ്മം ശരണം ഗച്ഛാമി - ഞാൻ ശരണം പ്രാപിച്ച് ധർമ്മത്തിലേക്ക് പോകുന്നു.

സംഘം ശരണം ഗച്ഛാമി – ഞാൻ ശരണം പ്രാപിച്ച് സംഘത്തിലേക്ക് പോകുന്നു.

ത്രിശരണങ്ങൾ ഉരുവിടുമ്പോൾ ബുദ്ധൻ പ്രതിനിധാനം ചെയ്യുന്ന 9 ഗുണങ്ങളെയും ധർമ്മത്തിന്റെ 6 ഗുണങ്ങളെയും സംഘത്തിന്റെ 6 ഗുണങ്ങളെയും ഉൾക്കൊള്ളാനുള്ള ആഗ്രഹ ത്തെയാണ് സൂചിപ്പിക്കുന്നത്.

**ബുദ്ധമത നിർമ്മിതികൾ**

ബുദ്ധമതവുമായി ബന്ധപ്പെട്ട നിർമ്മിതി കളാണ് വിഹാരങ്ങൾ, പഗോഡകൾ, ചൈത്യ ങ്ങൾ, സ്തൂപങ്ങൾ എന്നിവ. ബുദ്ധഭിക്ഷുക്കൾ താമസിക്കുന്ന പാറ തുരന്നുണ്ടാക്കിയ ഗുഹ കളാണ് വിഹാരങ്ങൾ. പ്രത്യേക ആകൃതിയിൽ നിർമ്മിക്കപ്പെട്ട ആരാധനാലയങ്ങളാണ് പഗോഡകൾ. ബുദ്ധമത വിശ്വാസികളുടെ വിശാലമായ പ്രാർഥനാ മണ്ഡപങ്ങളാണ് ചൈത്യങ്ങൾ.

ബുദ്ധന്റെ തിരുശേഷിപ്പുകളോ അദ്ദേഹം ഉപയോഗിച്ച വസ്തുക്കളോ അടക്കം ചെയ്ത് അതിനു മുകളിൽ പണിതുയർത്തിയ നിർമ്മിതികളാണ് സ്തൂപങ്ങൾ. കല്ല്, ഇഷ്ടിക എന്നിവ ഉപയോഗിച്ചാണ് ഇവയുടെ നിർമ്മാണം.സാഞ്ചി, സാരാനാഥ്, അമരാവതി, നാഗാർജുനകൊണ്ട എന്നിവിടങ്ങളിലെ സ്തൂപങ്ങൾ പ്രസിദ്ധങ്ങളാണ്. സ്തൂപങ്ങളും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും ബുദ്ധമത ത്തിന്റെ വിശുദ്ധ കേന്ദ്രങ്ങളാണ്. സ്തൂപ ങ്ങളിൽ രേഖപ്പെടുത്തിയ ലിഖിതങ്ങൾ അക്കാലത്തെക്കുറിച്ച് അറിയാനുള്ള ചരിത്ര സ്രോതസ്സുകളായി വർത്തിക്കുന്നു.

**ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ക്ഷയം**

ബുദ്ധന്റെ കാലത്ത് ഇന്ത്യയിൽ ഒരു ചെറിയ വിഭാഗമായിരുന്നു ബുദ്ധമതം. ക്രി.പി. മൂന്നാം നൂറ്റാണ്ടിൽ അശോക ചക്രവർത്തി യുടെ ശ്രമത്തിൽ നടന്ന പ്രചരണത്തോടെ യാണ് അത് ശക്തി പ്രാപിച്ചത്. അശോകനു ശേഷം കുശാന ഭരണകാലത്തും ഗുപ്ത ഭരണകാലത്തും ക്രിപി. 4 – 6 നൂറ്റാണ്ടിൽ മഹായാന ബുദ്ധമതമാണ് ഇന്ത്യയിൽ ശക്തി പ്രാപിച്ചത്. പിന്നീടു 8 – 11 നൂറ്റാണ്ടുകളിൽ ബംഗാളും ബീഹാറും ഒറീസയും ഉൾപ്പെട്ട പ്രദേശങ്ങൾ ഭരിച്ച പാലരാജാക്കൻമാർ ബുദ്ധമതത്തെ പരിപോഷിപ്പിച്ചു. ഹർഷന്റെ കാലത്ത് ബുദ്ധമത പ്രഭാവം ഉച്ചകോടി യിലെത്തി. ഇക്കാലത്ത് ബീഹാറിലെ നളന്ദ യിലും വിക്രമ ശിലയിലും മറ്റും പ്രശസ്തമായ മഹായാന ബുദ്ധമത വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. പന്ത്രണ്ടാം നൂറ്റാണ്ടിൽ പാലസാമ്രാജ്യം തകർന്നു.

പന്ത്രണ്ടാം നൂറ്റാണ്ടിൽ നടന്ന മുഹമ്മദ് ഖിൽജിയുടെ ഇന്ത്യൻ ആക്രമണവും തുടർന്ന് പലപ്പോഴായി നടന്ന ഇസ്ലാമിക അധിനി വേശങ്ങളും ഇന്ത്യയിലെ ബുദ്ധമതത്തിന്റെ ശക്തി ക്ഷയിപ്പിച്ചു. നളന്ദ പോലുള്ള വിദ്യാ കേന്ദ്രങ്ങൾ നശിപ്പിക്കപ്പെട്ടു.

മഹായാനത്തിനു ശേഷം രൂപപ്പെട്ട വജ്രയാനം ബുദ്ധമതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്ന് വളരെ വ്യതിചലിച്ചു. ഇത് ജനങ്ങൾക്കിടയിൽ ബുദ്ധമതത്തിന്റെ പ്രതിഛായയിൽ ഇടിവുണ്ടാക്കി. കൂടാതെ ഇത് വൈദിക ഹിന്ദു മതത്തിന് ബുദ്ധവിഹാര ങ്ങളിൽ കടന്നു കയറി സ്വാധീനം ഉറപ്പിക്കാൻ സാഹചര്യമുണ്ടാക്കി.അങ്ങിനെ 14 – 16 നൂറ്റാണ്ടുകാലത്ത് ഇന്ത്യയിൽ ബുദ്ധമത ത്തിന്റെ നാശം പൂർണ്ണമായി. അതിന്റെ സ്വാധീനം ഹിമാലയൻ താഴ്വരയിലും ശ്രീലങ്കയിലുമായി ചുരുങ്ങി. വിദേശ രാജ്യ ങ്ങളിൽശക്തമായ സാന്നിധ്യമുള്ള ബുദ്ധമതം അത് പിറവികൊണ്ട ഭാരതത്തിൽ ക്ഷയിച്ചു പോയത് ചരിത്രത്തിന്റെ വൈരുദ്ധ്യമായി മാറുകയായിരുന്നു.

**കരുണ–ബുദ്ധദർശനവും വിശുദ്ധ പ്രേമവും**

മഹാകവി കുമാരനാശാന്റെ ജീവിത ത്തിന്റെ അവസാന കാലത്തു വിരചിതമായ 'കരുണ' ബുദ്ധമത ദർശനങ്ങളുടെ മൂല്യം വിളംബരം ചെയ്യുന്ന ഖണ്ഡകാവ്യമാണ്. ഏറ്റവും മഹത്തായതും മൂല്യവത്തായതുമായ മാനുഷിക വികാരമായ കരുണയുടെ ആവിഷ് കാരമുള്ള കാവ്യത്തിന് അതേ പേരു നൽകി ആശാൻ സാർത്ഥകമാക്കി.

കാവ്യാരംഭത്തിൽ ബുദ്ധമാഹാത്മ്യം പ്രകീർത്തനമാകുന്നുണ്ട്. ബുദ്ധൻ ധർമ്മ പ്രചരണം നടത്തുന്ന കാലഘട്ടത്തിലാണ് കഥ നടക്കുന്നത്.

പ്രാചീന ഭാരതത്തിലെ ഉത്തരമഥുരയിൽ വസിക്കുന്ന വാസവദത്ത എന്ന അതിസുന്ദരി യായ ഗണികയാണ് (അഭിസാരിക) 'കരുണ' യിലെ നായിക. തന്റെ സൗന്ദര്യത്തിൽ മതി മറന്നു ജീവിച്ചിരുന്ന അവൾ ഉപഗുപ്തൻ എന്ന സുമുഖനായ ബുദ്ധഭിക്ഷുവിനെ ഒരു ദിവസം സാന്ദർഭികമായി കാണാനിടയായി. ഉപഗുപ്ത നോട് കലശലായ അനുരാഗം ജനിച്ച വാസവ ദത്ത തോഴിയെ വിട്ട് അയാളെ തന്റെ വസതി യിലേക്കു ക്ഷണിച്ചു. എന്നാൽ വരാൻ 'സമയ മായില്ല' എന്ന് പറഞ്ഞ് ഭിക്ഷു തോഴിയെ മടക്കി. താൻ ഉപഗുപ്തനിൽ നിന്ന് ധനമല്ല അനുരാഗം മാത്രമാണ് മോഹിക്കുന്നതെന്ന് പറഞ്ഞു വീണ്ടും തോഴിയെ അയച്ചെങ്കിലും ഉപഗുപ്തന്റെ മറുപടി പഴയതു തന്നെ യായിരുന്നു.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ഒരു തൊഴിലാളി പ്രമുഖനുമായി വാസവദത്ത അടുത്തു. അയാളുമായി ചേർന്ന് കഴിഞ്ഞു വരുന്ന കാലത്ത് ധനാഢ്യനായ ഒരു വ്യാപാരി ഉത്തര മധുരയിൽ എത്തി. വാസവദത്തയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച വ്യാപാരിയുടെ ധനസമ്പത്തിൽ കഥാനായികയും മോഹിത യായി. വ്യാപാരിയുമൊത്ത് കഴിയാനുള്ള മോഹത്തിന് തൊഴിലാളി പ്രമുഖൻ തടസ്സ മാകുമെന്ന് അവൾക്ക് തോന്നി. ഒരു ദിവസം വാസവദത്തയും പരിചാരികമാരും ചേർന്ന് അയാളെ സൂത്രത്തിൽ കൊന്ന് ജഡം വീടിനടു ത്തുള്ള ചാണകക്കുഴിയിൽ അടക്കം ചെയ്തു.

തൊഴിലാളി പ്രമുഖന്റെ തിരോധാനം സംബന്ധിച്ച അന്വേഷണത്തിന്റെ ഒടുവിൽ വാസവദത്ത പിടിക്കപ്പെട്ടു. വിചാരണയ്ക്കു ശേഷമുള്ള വിധികൽപ്പന പ്രകാരം വാസവ ദത്തയെ ചെവിയും മൂക്കും കരചരണങ്ങളും മുറിച്ച് ചുടുകാട്ടിൽ തള്ളി. ഈ അവസ്ഥയിൽ ഒരു പരിചാരിക അവളെ ശുശ്രൂഷിച്ചു കൊണ്ടിരുന്നു.

ആ അവസരത്തിൽ വിവരമറിഞ്ഞ ഉപഗുപ്തൻ വാസവദത്തയെ കാണാൻ അവിടെയെത്തി. ഉപഗുപ്തനെക്കണ്ട വാസവദത്ത തന്റെ വെട്ടിമാറ്റപ്പെട്ട അവയവ ങ്ങളെ തുണികൊണ്ടു മൂടുവാൻ തോഴിയോട് പറഞ്ഞു. തന്റെ സുന്ദര പ്രതാപകാലത്ത് ക്ഷണം നിരസിക്കുകയും ഇപ്പോഴത്തെ ദാരുണാ വസ്ഥയിൽ തന്റെയടുത്ത് എത്തുകയും ചെയ്ത ഉപഗുപ്തനെ കണ്ട പ്പോൾ വാസവദത്ത സങ്കടം സഹിക്കാൻ കഴിയാതെ കരഞ്ഞു തുടങ്ങി.

വാസവദത്തയ്ക്ക് മോക്ഷമാർഗ്ഗം പറഞ്ഞു കൊടുക്കുക എന്നതായിരുന്നു ഉപഗുപ്തന്റെ ഉദ്ദേശ്യം. ഉപഗുപ്തൻ ശ്രീബുദ്ധന്റെ ധർമ്മശാസ നകൾ അവൾക്ക് ഉപദേശിച്ചു കൊടുത്തു. ധർമ്മോപദേശം കേട്ട വാസവദത്തയുടെ മനസ്സ് ശാന്തമായി. ഒരു പ്രത്യേകമായ മനഃസുഖം അവളുടെ ശാരീരിക വേദനകളുടെ കാഠിന്യം ശമിപ്പിച്ചു. ശ്രീബുദ്ധന്റെ ദർശനത്തിൽ ശരണം പ്രാപിച്ചു കൊണ്ട് അവൾ തന്റെ പാപ ശിക്ഷയ്ക്ക് കീഴടങ്ങി മരണത്തിൽ ലയിച്ചു.

ധനമെന്ന ദുർദേവതയ്ക്കു വേണ്ടി ലജ്ജ വിട്ട് ശരീരം ഹോമിക്കുന്ന ഗണികയിലുണ്ടായ നിഷ്കളങ്കവും വിശുദ്ധവുമായ അനുരാഗ ത്തെയാണ് 'സ്നേഹഗായകൻ' എന്ന വിശേഷ ണമുള്ള കുമാരനാശാൻ കരുണയിൽ അവതരി പ്പിക്കുന്നത്. അതുപോലെ ബുദ്ധ ദർശന ങ്ങളുടെ പ്രയോഗത്തിലൂടെ അനിത്യ മായ ശരീരസുഖം മാത്രം തേടി ദിവസവും അലയുന്ന മനുഷ്യൻ പരമമായ സുഖത്തെ അറിയുന്നില്ലെന്ന സത്യം കൂടി ആശാൻ വ്യക്തമാക്കുന്നു .

**കരുണ – ചലച്ചിത്രവും ഗാനങ്ങളും**

മലയാളത്തിൽ പുരാണത്തിലെയും ചരിത്ര ത്തിലെയുംമഹത്തുക്കളെപ്പറ്റി അനവധി ചലച്ചിത്രങ്ങൾ ഉണ്ടായിട്ടുണ്ടെ ങ്കിലും ശ്രീബുദ്ധനെപ്പറ്റി ഒന്നുമുണ്ടായില്ല എന്നതാണ് വാസ്തവം. സ്വാഭാവികമായും ബുദ്ധനെപ്പറ്റിയുള്ള ഗാനങ്ങളും അതുപോലെ തന്നെ.





മഹാകവി കുമാരനാശാൻ ബുദ്ധമതാശയങ്ങളിൽ ആകൃഷ്ടനായിരുന്നു. ആശാന്റെ പ്രശസ്ത കൃതിയായ 'കരുണ' വിശുദ്ധ പ്രണയത്തോടൊപ്പം ബുദ്ധദർശനവും ആസ്പദമാക്കിയ കാവ്യമാണ്. കവിതയുടെ ഇതിവൃത്തത്തെ ആസ്പദമാക്കി അതേ പേരിൽ 1966 ൽ ചലച്ചിത്രം നിർമ്മിക്കപ്പെട്ടു. കെ. തങ്കപ്പൻ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ഒഎൻവിയുടെ തൂലികയും ദേവരാജ സംഗീതവും സമന്വയിച്ചപ്പോൾ പിറന്ന ഗാനങ്ങൾ പലതും നിത്യ ഹരിതങ്ങളാണ്. ചിത്രത്തിലെ പതിനൊന്ന് ഗാനങ്ങളിൽ ശ്രദ്ധേയമായ മൂന്നു ഗാനങ്ങളിൽ ബുദ്ധനും ദർശനങ്ങളും പരാമർശ വിധേയമാണ്.



ഒ.എൻ.വി.യും ദേവരാജൻ മാസ്റ്ററും

രണ്ടു ഗാനങ്ങളിൽ കരുണയിലെ നായികയായ വാസവദത്തയുടെ പ്രണയവും നൈരാശ്യവുമാണ് പ്രമേയം.

കരുണയിൽ യേശുദാസും സംഘവും പാടിയ ഗാനമാണ്

**കരുണതൻ മണിദീപമെ**
**കനിവിൻ പൗർണമി നാളമെ**
**കപിലവസ്തുവിൽ നിന്നുയർന്നൊരു**
**കരുണതൻ മണിദീപമെ**

ഈ ഗാനം ബുദ്ധന്റെ കാരുണ്യത്തെയും ആത്മീയ പ്രഭാവത്തെയും വാഴ്ത്തുന്നു. ഗാന വരികൾ തുടങ്ങുന്നതിനു മുമ്പ് ത്രിരത്ന മന്ത്രത്തിന്റെ ഗാംഭീര്യത്തോടെയുള്ള ഉച്ചാരണമുണ്ട്. ഗാനവരികൾ ബുദ്ധനെ കാരുണ്യത്തിന്റെ മണിദീപമായും ആത്മവേദനയുടെ തമസ്സിൽ വിടർന്ന പുഷ്പമായും ആർഷ ഭാരതത്തിന്റെ ആത്മബോധ പ്രഭാതമായും മിഥ്യയുടെ ഇരുൾ നീക്കുന്ന സുന്ദര ദീപമായും നിത്യദീപ്തി ചൊരിഞ്ഞിടുന്ന മുക്തി തൻ ദീപമായും പ്രകീർത്തിക്കുന്നു. ബുദ്ധൻ ചൊരിയുന്ന കാരുണ്യത്തിന്റെയും ആത്മീയതയുടെയും ഭാവങ്ങൾ ഈണത്തിലും പശ്ചാത്തല സംഗീതത്തിലും മനോഹരമായി സമന്വയിച്ചിട്ടുണ്ട്. കർണാടക സംഗീതത്തിലെ പ്രഭാത രാഗങ്ങളിലൊന്നായ 'രേവഗുപ്തി'യിലാണ് മന്ദതാളത്തിലുള്ള ഗാനം ചിട്ടപ്പെടുത്തിയത്.

യേശുദാസും സംഘവും പാടിയ മറ്റൊരു ഗാനമാണ്

*ഉത്തര മഥുരാ വീഥികളേ*
*വിസ്തൃത ജനപഥവീഥികളേ*
*തഥാഗതൻ തൻ പദങ്ങൾ തേടി*
*കൈനീട്ടുകയല്ലേ നിങ്ങൾ*

ബുദ്ധന്റെ പാദസ്പർശങ്ങൾ പതിഞ്ഞ ഉത്തരമഥുരയുടെ വീഥികളെ പരാമർശിച്ചാണ് ഗാനം തുടങ്ങുന്നത്. സത്യം നേടിയവൻ എന്നർഥമുള്ള 'തഥാഗതൻ' എന്ന ബുദ്ധന്റെ പര്യായപദം ഗാനത്തിൽ പലയിടത്തിലും ഉപയോഗിച്ചതായി കാണാം. അനുപല്ലവിയുടെയും ചരണത്തിന്റെയും അന്ത്യത്തിൽ ചേർത്ത ത്രിരത്ന മന്ത്രം മനോഹരമാണ്. കർണാടക സംഗീതത്തിലെ 'സിന്ധുഭൈരവി' രാഗത്തിലുള്ള ഗാനം അല്പം ദ്രുതതാള ത്തിലാണ്.

കരുണ കാവ്യത്തിലെ ആദ്യത്തെ ഏതാനും വരികൾ ചേർത്ത് ഗാന രൂപത്തിലാക്കിയതും ചിത്രത്തിലുണ്ട് .

*അനുപമ കൃപാനിധിയഖില*
*ബാന്ധവൻ ശാക്യജിനദേവൻ*
*ധർമ്മരശ്മി പൊഴിയും കാലം*
*ദേവരാജൻ ആലപിച്ച ഗാനം*

ശാക്യവംശത്തിൽ പിറന്ന ബുദ്ധദേവന്റെ മഹാത്മ്യം പരാമർശിച്ചാണ് ആരംഭിക്കുന്നത്. ബുദ്ധനെ അനുപമ കൃപാനിധിയെന്നും (ഉപമിക്കാൻ പറ്റാത്ത വിധം അളവറ്റ ദയാവായ്പോട് കൂടിയവൻ, അഖില ബാന്ധവനെന്നും (എല്ലാറ്റിന്റെയും ബന്ധുത്വമുള്ളവൻ) വിശേഷിപ്പിക്കുന്നു.

ബുദ്ധനെ ധർമ്മരശ്മികൾ ചൊരിയുന്ന സൂര്യനായും പ്രകീർത്തിക്കുന്നു.

തുടർന്നുള്ള വരികളിൽ ഉത്തരമഥുര യിലെ തന്റെ അംബര ചുംബിയായ രമ്യഹർമ്മ്യത്തിന്റെ മുറ്റത്ത് അശോക മരത്തിന്റെ ചുവട്ടിൽ വെണ്ണ ക്കൽ ഇരിപ്പിടത്തിൽ സർവ്വാഭരണ വിഭൂഷിത യായി കാമദേവന്റെ രാജ്ഞിയെപ്പോലെ ചാഞ്ഞിരി ക്കുന്ന അതി സുന്ദരിയായ വാസവദത്തയുടെ വർണ്ണന യാണ്.

'നതോന്നത' എന്ന വഞ്ചിപ്പാട്ടു വൃത്തത്തിലുള്ള വരികളെ 'ശങ്കരാഭരണം' രാഗത്തിലുള്ള ലളിതഗാനമായി മാറ്റിയിരിക്കയാണ്. വളരെക്കുറച്ചു പശ്ചാത്തല സംഗീത ഉപകരണങ്ങളേ ഉപയോഗിച്ചിട്ടുള്ളൂ. വിവിധ മലയാള സിനിമകളിലായി ഏകദേശം 1500 ഗാനങ്ങൾ




ചിട്ടപ്പെടുത്തിയ പ്രഗൽഭ സംഗീത സംവിധായകനായ ദേവരാജൻ പാടിയ ഏക ചലച്ചിത്ര ഗാനം എന്ന നിലയിൽ ശ്രദ്ധേയമാണ് ഈയൊരു കവിതാഗാനം.

കരുണയിലെ നായിക വാസവദത്ത രംഗത്തിൽ പാടുന്ന ഒരു മനോഹര ഗാനമുണ്ട്. മലയാളത്തിന്റെ ഭാവഗായിക പി.സുശീല യാണ് ഇത് പാടിയത്.

ബുദ്ധഭിക്ഷുവായ ഉപഗുപ്തനിൽ അനുരക്തയായ വാസവദത്ത തന്റെ പ്രണയം അറിയിച്ചുകൊണ്ട് അയാളെ വസതിയിലേക്ക് ക്ഷണിക്കാൻ തോഴിയെ പറഞ്ഞയക്കുന്നു. എന്നാൽ 'സമയമായില്ല' എന്ന ഒരു വാക്കായിരുന്നു ഉപഗുപ്തന്റെ മറുപടി.

പല പ്രാവശ്യം ഇതേ ആവശ്യവുമായി സമീപിച്ചപ്പോഴും ഇതേ മറുപടിയായിരുന്നു ഉപഗുപ്തന്റേത്. ക്ഷമ നശിച്ച വാസവദത്ത തോഴിയോട് മൊഴിയുന്നത് ഒരു ഗാനമാവുകയാണ്.

*സമയമായില്ല പോലും*
*സമയമായില്ല പോലും*
*ക്ഷമയെന്റെ ഹൃദയത്തി*
*ലൊഴിഞ്ഞു തോഴി*

ആശാന്റെ കവിതയിലെ വരികൾ തന്നെയാണ് ഗാനത്തിന്റെ പല്ലവിയിലുള്ളത്. അനുപല്ലവിയിലും ചരണത്തിലും വാസവദത്തയുടെ ഹൃദയവികാരങ്ങൾ ഒ.എൻ.വി മനോഹര വരികളാക്കി മാറ്റി. താൻ ധനമല്ല മോഹിക്കുന്നത് ഉപഗുപ്തന്റെ പ്രണയം മാത്രമാണെന്ന കാര്യങ്ങളെല്ലാം നീ അദ്ദേഹത്തോട് പറഞ്ഞില്ലെ എന്ന് വാസവദത്ത തോഴിയോട് ചോദിക്കുന്നുണ്ട്. ഉപഗുപ്തൻ മുനിയായി നടിച്ച് തന്നെ പറ്റിക്കുകയാണോ എന്ന സന്ദേഹവും വാസവദത്തയുടെ ഉള്ളി ലുണ്ട്. കഥാനായികയുടെ ഈ വികാരങ്ങ ളെല്ലാം ഗാനവരികളിൽ നിറയുന്നുണ്ട്.

സംഭാഷണത്തിൽ ഒരാൾ വാക്കുകൾ ഉപയോഗിക്കുമ്പോൾ പ്രകടിപ്പിക്കുന്ന മാനസികഭാവം സംഗീത സംവിധായകൻ ഈണ ത്തിൽ മനോഹരമായി ധ്വനിപ്പിച്ചിട്ടുണ്ട്.

'സമയമായില്ല പോലും ' എന്ന വാക്കിന്റെ ആവർത്തിച്ചുള്ള ആലാപനത്തിൽ തന്നെ വാസവദത്തയുടെ മനോവികാരം പ്രകടമാണ്. കഥാനായികയുടെ പരിഭവവും സന്ദേഹ വുമല്ലാം തന്നെ ഭാവാത്മകമായി ഈണത്തിൽ സമന്വയിച്ചിട്ടുണ്ട്. ബിംപ്ലാസ് എന്ന ഹിന്ദു സ്ഥാനി രാഗത്തിലാണ് ഗാനം ചിട്ടപ്പെടു ത്തിയത്.

ഉപഗുപ്തന്റെ തുടർച്ചയായുള്ള അവഗ ണന വാസവദത്തയെ നിരാശയാക്കുകയാണ്. പ്രിയനെ കാത്ത് എപ്പോഴും സർവാഭരണ വിഭൂഷിതയായി അണിഞ്ഞൊരുങ്ങി നിൽക്കുന്ന വാസവദത്ത തന്റെ ഒരുക്കങ്ങൾ വിഫലമാകുന്നുവെന്ന തിരിച്ചറിവിൽ നിരാശ യോടെ തോഴിക്കു മുമ്പിൽ പാടുന്നതാണ് -

*എന്തിനീ ചിലങ്കകൾ ?*
*എന്തിനീ കൈവളകൾ ?*
*എൻ പ്രിയനെന്നരികിൽ*
*വരില്ലയെങ്കിൽ.*

ഒഎൻവിയുടെ സന്ദർഭോചിതമായ വരികൾക്ക് കേദാർ എന്ന ഹിന്ദുസ്ഥാനി രാഗസ്പർശത്തിൽ ഭാവസംഗീതം പകർന്നിരി ക്കയാണ് ദേവരാജൻ. 'എന്തിനീ ചിലങ്കകൾ ?'എന്നു തുടങ്ങുന്ന പല്ലവിയിൽ തന്നെ നിരാശ കലർന്ന ചോദ്യഭാവമാണ്.

തുടർവരികളിൽ പ്രതിഫലിക്കുന്നതും വാസവദത്തയുടെ ഹൃദയ വികാരങ്ങൾ തന്നെ.

കഥ നടക്കുന്ന പൗരാണിക കാലഘട്ടത്തിന്റെയും ഉത്തരേന്ത്യൻ ഭൂമികയുടെയും പശ്ചാത്തല അന്തരീക്ഷം കരുണയിലെ ഗാനങ്ങളുടെ ഈണങ്ങളിലും പശ്ചാത്തല സംഗീതത്തിലുണ്ട്.

പ്രണയ നൈരാശ്യമുള്ള നായികയായ വാസവദത്തയുടെ വികാരങ്ങൾ ഭാവാധിഷ്ഠിതമായി ആലപിക്കാൻ സ്വാഭാവികമായും നിയോഗിക്കപ്പെട്ടത് ഭാവഗായികയായ പി. സുശീല തന്നെ. മറ്റാരു പാടിയാലും ഈ ഗാനങ്ങൾക്ക് ഈയൊരു ഭാവപൂർണത ലഭിക്കില്ല എന്നത് സുനിശ്ചിതം.

***അവലംബം***

1. രാജശേഖരൻ പി കെ (എഡിറ്റർ) - മഹച്ചരിത മാല(വാല്യം2) ഡി.സി.ബുക്സ് കോട്ടയം 2005
2. സുഗതൻ.കെ (ഡോ) - ബുദ്ധിസം - പൂർണ്ണാ പബ്ലിക്കേഷൻ-കോഴിക്കോട് 2018
3. അഡ്ഡാ 247 വെബ് സൈറ്റ് -ശ്രീബുദ്ധനും ബുദ്ധമത തത്വങ്ങളും
4. ഹരിശ്രീ ക്ലാസിക്സ് - മനുഷ്യരാശിയുടെ വെളിച്ചങ്ങൾ - മാതൃഭൂമി തൊഴിൽ വാർത്ത പ്രസിദ്ധീകരണം
5. രവീന്ദ്രൻ എം.കെ. - സാഞ്ചിമലയിലെ വൈശാഖ നിലാവിൽ - മലയാള മനോരമ ഞായറാഴ്ച 2023 ഏപ്രിൽ 30.
6. മീഡിയേറ്റീവ് മൈൻഡ്. ഓർഗ് വെബ് സൈറ്റ് - ബുദ്ധമതത്തിലെ ത്രിരത്നങ്ങൾ
7. മലയാളിലൈഫ്. കോം വെബ്സൈറ്റ് - ആശാന്റെ കരുണയും വാസവദത്തയും
8. പ്ലൂട്ടോജി ബ്ലോഗ്.കോം - കരുണ കുമാരനാശാൻ.

✵




പുരാതന ഉത്തരേന്ത്യയുടെ ഭൂപടം (ക്രി മു ആറാം നൂറ്റാണ്ട് )



കപിലവസ്തുവിലെ കൊട്ടാര അവശിഷ്ടം



ഗയയിലെ മഹാബോധി ക്ഷേത്രം



ഗയയിലെ ബുദ്ധപ്രതിമ

# THE MOON



*Er Induchoodan D.R.*
Assistant Engineer
***(Written with the help of SGE, generative AI of Google)***

The moon is a silver sphere,
Always shining so bright
It lights up the world at night,
And makes the stars seem so white.
The moon is a mystery,
We can't know what it's made of
But we can still love and see,
The beauty that it shows off.
The moon is a friend to Earth,
Always there when we need it most
It helps to light up the dark,
And gives us a sense of hope.

The moon is a silver sphere
That hangs in the night sky,
It is a beacon of hope
And a reminder that we are not alone.
The moon is a friend to all,
It shines its light on everyone,
It is a source of comfort and joy
And a reminder that we are loved.

The moon is a mystery,
We do not know what it is made of,
We do not know where it came from,
But we are drawn to its light.
The moon is a wonder,
It is a reminder of the beauty of the universe,
It is a source of inspiration and awe,
And a reminder that we are part of
something much larger than ourselves.



കുശിനഗരത്തിലെ ബുദ്ധന്റെ നിർവാണ സ്തൂപം



ആൽച്ചുവട്ടിലെ
ധ്യാന ബുദ്ധപ്രതിമ



സാരാനാഥ് സ്തൂപം



സാഞ്ചി സ്തൂപം

## സുഭാഷിതം

# മനോഭാവം



*Er* കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

**വി**ജയശ്രീലാളിതരായി ജീവിതം നയിക്കുന്ന ധാരാളം ആൾക്കാരെ നമുക്ക് ചുറ്റും കാണുവാൻ സാധിക്കും. വിജയസാദ്ധ്യത വളരെ കുറഞ്ഞവർ പോലും ആ കൂട്ടത്തിൽ കണ്ടേക്കാം. എന്നാൽ സാദ്ധ്യത ഏറെ ഉണ്ടായിട്ടും പരാജയത്തിന്റെ പടുകുഴിയിൽ അകപ്പെട്ട് ഉഴലുന്നവരെയും കാണാം. വൈരുദ്ധ്യം തോന്നാവുന്ന ഈ പ്രതിഭാസത്തിനെന്താണ് കാരണം ? ഉത്തരം ലളിതമാണ്. വിജയത്തിനും പരാജയത്തിനും കാരണം ഒന്നു തന്നെ; അവരവരുടെ മനോഭാവം. ചിന്തയുടെ കടിഞ്ഞാൺ പോലും അവന്റെ മനോഭാവത്തിനെ ആശ്രയിച്ചിരിക്കും. ഒരുവന്റെ കാഴ്ചപ്പാടനുസരിച്ച് അവൻ ചിന്തിക്കുന്നു; അതനുസരിച്ച് അവന്റെ വിശ്വാസം രൂപപ്പെടുന്നു. ശുഭാപ്തി വിശ്വാസിയുടെയും നിഷേധ ചിന്തകന്റെയും കാഴ്ചപ്പാട് വ്യത്യസ്തമായിരിക്കും.

ശുഭാപ്തി വിശ്വാസി വിജയം മുന്നിൽ കണ്ട് ലക്ഷ്യത്തിലേക്ക് കുതിക്കുമ്പോൾ നിഷേധ ചിന്തകൻ പരാതിയും പരിഭവവുമായി വഴിയിൽ കിടക്കുകയായിരിക്കും.

നിഴലുണ്ടാക്കാനാണ് സൂര്യനുദിക്കുന്നതെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. നാളെ അസുഖം വരാൻ സാധ്യതയുള്ളതുകൊണ്ട് ഇന്നുള്ള ആരോഗ്യം ഇവർക്ക് ആസ്വദിക്കാൻ സാധിക്കുന്നില്ല. ജീവിതത്തിലെ അനുഗ്രഹങ്ങളെ മറന്ന് വിഷമങ്ങളെ പുൽകുന്നു. കഠിനാദ്ധ്വാനം ഇവർക്ക് വയ്യ. എന്നാൽ ശുഭാപ്തി വിശ്വാസി ഇതിൽ നിന്നെല്ലാം വിഭിന്നനാണ്. ഏതിലും നന്മയുടെ അംശം ഇവർ കാണുന്നു. ഉദിച്ചു നിൽക്കുന്ന സൂര്യന്റെ ഊർജ്ജം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്ന ഇവർ നിഴലിനെ കാണുന്നേ ഇല്ല. ഇന്നത്തെ ആരോഗ്യത്തിൽ ആനന്ദം കണ്ടെത്തി ജീവിതം ആസ്വദിക്കുന്നു. വിഷയങ്ങൾ മറന്ന് അനുഗ്രഹങ്ങളിൽ ആശ്വാസം കണ്ടെത്തുന്നു. കഠിനാദ്ധ്വാനം ചെയ്ത് ഏത് പ്രതിസന്ധിയും നേരിടുന്നു. അങ്ങനെ വിജയസോപാനത്തിലെത്തുന്നു. ശുഭാപ്തി വിശ്വാസികൾ.

അനുകൂല സാഹചര്യങ്ങളിൽ മാത്രം ജീവിച്ചു ശീലിച്ചവരാണ് നമ്മിൽ ബഹുഭൂരിപക്ഷവും; മറിച്ചൊരു സാഹചര്യം സഹിക്കില്ല. എല്ലാ കാര്യവും നാം ആഗ്രഹിക്കുന്നതു പോലെയായിരിക്കണം. സുഖം മാത്രം; ദുഃഖം സഹിക്കില്ല. എന്നാൽ അനുകൂല പ്രതികൂല സാഹചര്യങ്ങളിൽ സുഖ ദുഃഖ സമ്മിശ്രമാണ് നമ്മുടെ ജീവിതം എന്നറിയുക. അതറിയാത്തവരാണ് വീണുപോകുന്നത്. ഒന്നോർക്കുക, രാത്രിയുടെ അന്ത്യം പകലാണ്; പകലിന്റെ അന്ത്യം രാത്രിയും.

ജീവിതത്തിൽ പ്രയാസങ്ങൾ നേരിട്ടാൽ തളർന്നു പോകുന്നു നമ്മിൽ പലരും. വല്ല വൈകല്യവും വന്നു പെട്ടാലൊ അതോടെ അവസാനിക്കും ജീവിതം. അന്യർക്ക് സഹതാപത്തിനവസരം നൽകും മറ്റു ചിലർ. ഇതിൽ നിന്നെല്ലാം വേറിട്ടൊരനുഭവമാണ് ഒരമ്മക്ക് പറയുവാനുള്ളത്. സഹതാപം കൊണ്ട് ഒന്നും നേടാനാവില്ലെന്ന് ആ അമ്മ വാദിക്കുന്നു.

ഒരമ്മ ഏഴാം മാസത്തിൽ തൂക്കം കുറഞ്ഞ ഇരട്ട പെൺകുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു. ആശുപത്രിയിലെ പരിമിതമായ സൗകര്യത്തിൽ കുഞ്ഞുങ്ങൾക്ക് അണുബാധയുണ്ടായി. അണുബാധ കേൾക്കാനും സംസാരിക്കുവാനുമുള്ള കഴിവില്ലാതാക്കി. കുഞ്ഞുങ്ങൾ

കവിത

# ഓർമ്മയിലെ ഓണം



*Er* **മഹേഷ് ടി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**ഉ**ത്രാടത്തിൻ നാൾ മുതൽക്കേ
ഊണൊരുക്കാനമ്മതൻ തത്രപ്പാട്
ഉപ്പു തൊട്ടിന്ദവമെല്ലാം
ഉത്സാഹത്തോടടുപ്പിക്കും

എണ്ണകടികൾ പലതുണ്ടാക്കും
എണ്ണം നോക്കി പൊതികളിലാക്കും
എണ്ണാതോരോന്നെടുത്ത് വിഴുങ്ങുമീ
എന്നെ പതിയെ തല്ലിയകറ്റും

ഓണം കാണാൻ പോകുന്നതിനായി
ഓരോ പൊതിയായ് കൈയിൽ നൽകും
ഓരോന്നാർക്കു കൊടുക്കണമെന്നോതി
ഓടി പോയി വരാൻ ആജ്ഞയും നൽകും

പ്രിയപ്പെട്ടവരെ കാണുന്നതിനായി
പ്രായാധിക്യം പേറുന്നോർക്കായി
പ്രാവുസമാനം ഓണത്തിൻ നാൾ
പ്രിയപ്പെട്ടവർക്കാശംസകൾ കൈമാറും

സന്തോഷത്തിൻ നാളുകളതെന്നും
സർവ്വേശ്വരനാൽ അനുഗ്രഹീതമായി
സുന്ദരമായൊരു കുട്ടിക്കാലം
സ്നേഹത്തിൽ പൊതിഞ്ഞൊരു ഓണക്കാലം !

✵

വളർന്നു, ലക്ഷ്മിയും പാർവതിയും. വൈകല്യത്തെക്കുറിച്ച് ഒട്ടും ഓർമ്മിക്കാൻ അവസരം നൽകാതെ കുട്ടികൾക്ക് സർവ്വതാ തിരക്കുള്ള സമയപ്പട്ടിക നൽകി അമ്മ അവരെ വളർത്തി. ടെന്നീസ്, ചിത്രരചന, കമ്പ്യൂട്ടർ. അങ്ങിനെ നീളുന്നു പട്ടിക. ഒരു നിമിഷം പോലും ഒഴിവില്ലാത്ത ദിനങ്ങൾ. ലക്ഷ്മിയും പാർവതിയും ലോകം ആസ്വദിച്ചു. എട്ടാം ക്ലാസുവരെ സ്വകാര്യ സ്കൂളിൽ, പിന്നെ പ്ലസ് ടു വരെ സർക്കാർ ബധിര മൂക വിദ്യാലയത്തിൽ. ആ ഇരട്ടകൾ ബി.എഫ്.എ.യ്ക്ക് ശേഷം വാഷിംഗ്ടണിൽ ഗലാ യുഡറ്റ് സർവവ്വകലാശാലയിൽ ഉപരിപഠനം. വിവാഹിതരായി സുഖമായി ജീവിക്കുന്നു. സഹതാപം കൊണ്ട് ഒന്നും നേടാൻ കഴിയില്ലെന്ന് ആ അമ്മ വാദിക്കുന്നു. എല്ലാ പ്രതിബന്ധങ്ങളെയും അങ്ങിനെ തന്നെ സ്വീകരിച്ച്, അതിനെ ലളിതമാക്കി ജീവിക്കുക.

അങ്ങ് വേറൊരു രാജ്യത്തെ കഥയല്ലിത്. നമ്മുടെ കൊച്ചു കേരള തലസ്ഥാനത്ത് ബേക്കറി ജംഗ്ഷനിലാണീ കുടുംബം.

ഒരു വൈമാനികന്റെ അനുഭവം ഇതോടൊപ്പം കൂട്ടി വായിക്കാവുന്നതാണ്. ഇരുപത്തിനാലാം വയസ്സിലുണ്ടായ ബൈക്കപകടം വ്യോമസേനയിലെ ലെഫ്റ്റനന്റ് ആയിരുന്ന വൈമാനികന്റെ ജീവിതം വീൽ ചെയറിലാക്കി. കഴുത്തിന് താഴോട്ട് സർവാംഗം നിശ്ചലമായി. അനക്കാവുന്ന ഏക അവയവം തല. സഹതാപം ഇഷ്ടമില്ലാത്ത അദ്ദേഹം കഠിന പ്രയത്നം കൊണ്ട് പേന കടിച്ചു പിടിച്ച് എഴുതാൻ പഠിച്ചു. ചുരുങ്ങിയ കാലംകൊണ്ട് ഇന്ത്യയിലും പുറത്തും അറിയപ്പെടുന്ന ഇംഗ്ലീഷ് എഴുത്തുകാരനായി. നീണ്ടൊരു വടി കടിച്ചുപിടിച്ച് കമ്പ്യൂട്ടർ കീ ബോർഡ് പ്രവർത്തിപ്പിക്കാനും പരിശീലിച്ചു.

അവനവൻ എന്ത് ചിന്തിക്കണം, എന്ത് പ്രവർത്തിക്കണം എന്ന് തീരുമാനിച്ച് അതിന്റെ വഴിയെ നീങ്ങിയാൽ തലച്ചോറ് മാത്രമല്ല തലേലെഴുത്തും കൂടെ പോരും എന്ന് സ്വന്തം ജീവിതം കൊണ്ട് അദ്ദേഹം കാണിച്ചുതന്നു. അദ്ദേഹത്തെ കണ്ടു മടങ്ങുന്നവർക്ക് ജീവിതത്തെ നേരിടുവാനുള്ള കരുത്ത് കൈവരുമെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടു ത്തുന്നു. അൻപത്തിയൊന്നാം വയസ്സിൽ മരണം അർബുദ രൂപത്തിൽ അദ്ദേഹത്തെ തോൽപ്പിക്കുന്നതുവരെ സഹജീവികൾക്ക് പ്രചോദനമേകി.

✵

## നാടുനന്നാകാൻ - 19

# അനാവശ്യ കാര്യാലയങ്ങളും തസ്തികകളും



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

നമ്മുടെ സർക്കാർ ഓഫീസുകളിലെ സേവനങ്ങളിൽ പൊതുസമൂഹത്തിന് ഒട്ടും തൃപ്തിയില്ലായെന്നത് ഒരു പൊതുസത്യമാണ്. ഫയലുകളിൽ കാലതാമസം വരുത്തുക, ഇല്ലാത്ത നിയമങ്ങൾ പറഞ്ഞ് തടസ്സവാദങ്ങളുന്നയിച്ച് മറ്റുള്ളവരെ ദ്രോഹിക്കുകയെന്നതൊക്കെ ചില ഉദ്യോഗസ്ഥരുടെ ക്രൂര വിനോദങ്ങളുടെ ഭാഗമാണ്. ഇത്തരം ദ്രോഹപ്രവർത്തികൾ ചെയ്യുന്നവരെ നഷ്ടപരിഹാരത്തിനായി കോടതി കയറ്റാൻ ദ്രോഹങ്ങൾക്കിരയായവർ തയ്യാറാകുമെങ്കിൽ ഇങ്ങനെയുള്ള ദുഷ്പ്രവണതകൾ വലിയ ബുദ്ധിമുട്ടുകളില്ലാതെ അവസാനിപ്പിക്കാനാകും. വകുപ്പുമേധാവി മാത്രമല്ല കുഴപ്പക്കാരായ താഴെതട്ടിലുള്ള ഉദ്യോഗസ്ഥരെല്ലാം നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യതയുള്ളവരാകണം. ദൈവത്തിനെക്കാളും ശക്തി, പൂജാരിക്കാണെന്നപോലെയാണ് പല ഓഫീസുകളിലെയും കീഴുദ്യോഗസ്ഥർ ! അതുകൊണ്ട് കടിഞ്ഞാൺ അവിടം മുതൽ വീണു തുടങ്ങണം.

നമ്മുടെ നികുതിപ്പണം ശമ്പളയിനത്തിൽ വൻതോതിൽ ചോരുന്നത് ആവശ്യത്തിലധികമുള്ള കാര്യാലയങ്ങളും തസ്തികകളും വഴിയാണ്. ധാരാളം സ്റ്റേഷനറിയും വൈദ്യുതിയും നഷ്ടമാകുന്നതും ഇതിന്റെ ഭാഗമായാണ്. തൊഴിൽ നൽകലല്ല, ശമ്പളം നൽകൽ ആണ് സർക്കാരിന്റെ ജോലി എന്ന നിലയിലാണ് കാര്യങ്ങൾ. ആവശ്യത്തിലധികമുള്ള കാര്യാലയങ്ങളും തസ്തികകളും ഒഴിവാക്കിയാൽ അനാവശ്യ നികുതിഭാരത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാമെന്നു മാത്രമല്ല, ലാഭിക്കുന്ന പണം വികസന ക്ഷേമ പ്രവർത്തനങ്ങൾക്കു വിനിയോഗിക്കാനുമാകും.

ഓരോ ഫയലും കടന്നുപോകേണ്ട മേശകളുടെ എണ്ണം, ഓഫീസുകളുൾപ്പെടെ, പരമാവധി കുറച്ച് പരിധി നിർണ്ണയിക്കണം. ആവശ്യത്തിലധികമുള്ള തസ്തികകളും കാര്യാലയങ്ങളും അങ്ങനെ ഗണ്യമായി കുറയ്ക്കാനാകും. വെള്ളക്കോളർ ജോലികൾ പൊതുവെ പ്രത്യുൽപാദനപരമല്ലെന്നു മാത്രമല്ല, നാശോന്മുഖമാണെന്ന വസ്തുത തിരിച്ചറിഞ്ഞ് ചുവപ്പുനാടയെന്ന ദുഷ്പേര് ഓർമ്മമാത്രമാക്കണം.

കാർഷിക ജോലിക്ക് ആളെക്കിട്ടാത്തതിനാൽ നമ്മുടെ കാർഷികരംഗം മുരടിക്കുകയാണ്. അതേസമയം, ഒട്ടേറെ പേർ പണിയൊന്നുമില്ലാതെ ഓഫീസുകളിൽ കാറ്റുംകൊണ്ട് ഫയലുകളുടെ മേൽ അടയിരുന്ന് വിശ്രമജീവിതം നയിക്കുന്നു. റഷ്യയിൽ എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ആഴ്ചയിൽ രണ്ട് ദിവസം കൃഷിപ്പണിചെയ്തിരിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അത് നമ്മുടെ നാട്ടിലും ബാധകമാക്കാവുന്നതേയുള്ളു. അങ്ങനെ സർക്കാരുദ്യോഗസ്ഥരെ സൃഷ്ടിപരമായി പ്രയോജനപ്പെടുത്താം. ഭക്ഷ്യവസ്തുക്കളുടെ ഇറക്കുമതി ഒഴിവാക്കാം. മണ്ണിനോടും കാലാവസ്ഥയോടും പൊരുത്തപ്പെട്ട് പ്രവർത്തിയെടുക്കുക

# WALK THE TALK

*Er Thomas Kolanjikombil*
Maramon.

The original American expression was 'walk the talk and talk the talk' or sometimes the other way round, meaning, the talk is useless without appropriate "action to back it up. It is not known who coined this phrase first, but it began to appear in American newspapers during early 1920's. It has now been abbreviated to 'walk the talk' from the later half of the twentieth century. ['Talk the talk' is to say something in a way that appears to be true. If you say that someone talks the talk but does not walk the walk, you mean that they do not act in a way that agrees with the things they say.]

Walk the talk is showing that you mean what you say by actively doing it yourself. It is a version of every day phrase 'practice what you preach'. Other synonyms for this phrase are, 'lead by example', 'example is better than precept', 'action speak louder than words', 'put his money where his mouth', 'words to deeds', etc. [Aristotle's followers were called 'peripatetics'- meaning, given on to walking, since Aristotle discussed his philosophy with them while walking].

The expression walk the talk means you do, what you ask other people to do or what you promised to do. It is used to describe, when someone takes action to support their words or claims. Most of us talk one way and live another. There are only few who walk the talk. Walk the talk applies to anyone who give admonition/ advice, guidance, counsel, opinions, words of wisdom, etc. All of us are born advisers/preachers. But when it comes to practicing what we say, we find excuses. Just telling someone what to do or how to behave is not enough. Behaving the way that one wants others to behave, has a more powerful effect. Telling others what to do and not doing it oneself is absolute hypocrisy.

Human learn through modelling others. We are naturally inclined to engage in observational learning, learning into and out of social models, such as, parents, siblings, friends or teachers. Children are keen observers. They quickly observe the gulf between the advice of the adults and their actual behaviour, between their words and deeds, between their

---

വഴി ഉദ്യോഗസ്ഥർക്ക് മെച്ചപ്പെട്ട നിലയിൽ ആരോഗ്യം നിലനിർത്താം. ചികിത്സകൾക്കും ഔഷധത്തിനുമുള്ള പാഴ്ചെലവുകൾ ഒഴിവാക്കാം.

സർക്കാർ ഓഫീസുകളെ കാർഷിക മേഖലയുമായി ബന്ധിപ്പിക്കുന്ന റഷ്യൻ നയം ഇവിടെയും ഉണ്ടായാൽ ഭക്ഷ്യവസ്തുക്കളുടെയും മറ്റു കാർഷികോല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിച്ച് പാഴായിപ്പോകുന്ന മനുഷ്യാദ്ധ്വാന ശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്താനാകും. ശ്രമിച്ചാൽ നടപ്പാക്കാവുന്നതേയുള്ളു. ഉയിരുപോയാലും ശ്രമിക്കില്ലായെന്ന ദുശ്ശാഠ്യമാണ് ഉപേക്ഷിക്കേണ്ടത്.

preaching and practice. Children imitate elders action and inculcate their habits. There is no meaning and is useless for a father, who smokes, scolding his child, when he is caught on smoking. If parents want their children to pick up good manners, they should themselves be models of good behaviour. Culture also play a role. Some cultures expect the children to actively participate in their communities. This exposure allows children to observe and learn different skills and practices, that are valued in their communities.

There is a classic story of Mahatma Gandhiji, illustrating 'walk the talk'. Once a mother brought her child to meet Gandhiji. She asked Gandhiji to advice her child to stop eating sweets because they are ruining his teeth. Gandhiji asked her to come back after two weeks and he would do it. Everyone was shocked to hear this, he had never done like that before. Two weeks later the mother came back with the boy. Gandhiji wagged his finger and said to the little boy, "Stop eating sweets. They spoil your teeth". The woman thanked Gandhiji and then said "If I may ask, my dear Gandhiji, why don't you just say that when I came first". Gandhiji smiled and answered, "Two weeks ago I was also eating sweets and stopped ". Mahatma Gandhiji walked a lot - and walked his talk.

Walk the talk means to live upto your professed beliefs. People know what you believe in and what you stand for, by your actions and not words. Its not surprising that religiosity does not reduce crimes. Nowadays religions has been used by evil people as the instruments of their crimes, they affirm intolerance and violence instead of harmony and love.

Walk the talk is essential in an organisation. Communication internally in the organisation and externally with stakeholders is important to the management. The integrity of an organisation reflects on, how good intentions and appealing promises are put into practice.

Walk the talk is the leaders ability to understand the consequences of their words, their actions or inactions and their intentions. It is not easy to change the habitual practices, routines or behavior of the work force. Walk the talk is tackling your own behaviour first before communicating these changes to your work force. Adopt a core 'team attitude' rather than keeping yourself separate. Engage in authentic conversation with the team about policy and changes at issue. Do them with the courtesy of listening to them deeply and respecting their contributions to the discussion. Lead it by communicating clearly, what you expect of them, why changes were necessary and how the organisation will support its employees in making the change. Be consistent in behaviour as well as in policy adoption and revision.

Toxic and instrumental politics is the order of the day. It is pity that such selfish and greedy, who are besotted with power and money have been chosen to be our lawmakers. Politicians brazenly switching over sides in utter disregard for the people's verdict. In such habitat 'walk the talk' remains in dreams.

'Sarve sukhino bhavantu'

✵

# Leonardo da Vinci



Er. P. Ramachandran
*Assistant Engineer (Rtd.)*

The most famous portrait in the world is Mona Lisa, which was drawn by Leonardo da Vinci. He is best known for his dramatic and expressive artworks. The Last Supper, The virgin of rocks, The Vitruvian Man etc, are some of his famous artworks.

Leonardo da Vinci was born in Vinci of Italy ,on 15/4/1452. He was educated in Florence. Although Da Vinci is best known for his aesthetic paintings, he was a multifaceted person. He was a person with knowledge and skills in a number of different areas like mathematics, physics, anatomy, botany, geology and engineering. His skills in these fields were noticed only after his death while searching his belongings.

He carried out a series of experiments on sunlight and gained a clear view on the refractive and reflective qualities of light. He materialised these features in his famous drawings like Mona Lisa, the lady with an Ermine and the Madonna of the Yarnwinder.

da Vinci was one of the greatest anatomists ever to have lived. He was the first to draw a three dimensional depiction of the parts of the dissected human body. His stunning, accurate drawings were instrumental in identifying the anatomy of the entire human figure. He explored every aspect of Anatomy and Physiology and recorded his findings in beautiful drawings and in notes. 'A treatise on painting' is a collection of da Vinci's writings which was published 161 years after his death.

da Vinci used his geological skills to make several maps and sketches of the 'Arno River' and its valley. Applying math and measurements he created a beautiful map of 'Imola' accurate enough to navigate Italian city. The 'Imola plan' is preserved in the Leonardiano Museum in Vinci in Italy, which shows that da Vinci was a great mathematician also.

**Mona Lisa Effect:**

The portrait, in fact, is considered to have an enigmatic facial expression, sometimes smiling, sometimes not. When you look at the portrait of Mona Lisa directly, she seems to be very serious but smiles with her eyes. When not directly looked at the portrait her lips smile more. But the effect is, her gaze is always fixed at the observer.

While drawing the portrait of Mona Lisa, da Vinci sang songs and cracked jokes to cheer up the model Lisa del Giocondo. Using all his knowledge in anatomy, he turned the portrait into an expressive one. da Vinci's invention images helped to create several things and machines we use today. In 1495, he made a robot and showcased it in a celebration that was hosted at the court of Milan. Helicopter, parachute machines to lift heavy material etc ;are some of his other inventions. Perhaps no single individual defines the idea of a 'Renaissance Man' better than Leonardo da Vinci, as he was an artist, scientist, architect, engineer and inventor. Of course da Vinci was a real genius of the world we have ever seen!

# Energy Briefs 4



***Er Subha T.G.***
*Assistant Engineer*

## 1. Polyethylene Insulators for Public Power



There are so many ways that porcelain insulators can be damaged and broken. At a rural electric company, some of the damage comes from surprising sources.

Developed decades ago, porcelain insulators have built a reputation for low cost simplicity when used to attach electrical lines to utility poles. Although porcelain has been around for a long time, durability is the downfall of this fragile material. Costly damage can occur during handling, transportation and installation, as well as in-service when exposed to weather extremes, lightning or vandalism.

For example, utilities report experiencing significant loss of porcelain insulators in transit due to chips, cracks and breakage that occur when insulators are being shipped from the manufacturer or warehouse. Damage can also occur when traveling around in a utility truck awaiting installation. Breakage is often a problem during installation. Porcelain cannot handle stress and will break if the installer over-tightens to the mounting hardware. A chipped or cracked porcelain insulator can create a safety hazard and unsafe working conditions for line workers by damaging personal protective equipment or causing personal injury. Loss can also take place during the insulator's service life. Weather is the biggest culprit. During lightning storms, a strike can cause porcelain to track, flash over and/or puncture, impairing the insulator and creating the potential for nuisance outages over time. Extreme weather events such as hurricanes or heavy snow and ice can immediately induce irreparable damage. Trees easily break porcelain insulators when heavy limbs hit the devices. Condensation, extreme temperature

variations and poor quality can also result in damage. Even a tiny hairline crack can create a "blue sky" failure under perfectly normal operating conditions. Some utilities report that vandalism due to human acts such as gun enthusiasts using insulators for target practice is also common and costly.

The porcelain insulators were unsuitable for use with insulated conductors due to the difference in dielectric constants between the porcelain and the polyethylene cable insulation. This incompatibility resulted in the electrical degradation of the cable's jacketing over time. The new polyethylene insulators were compatible with jacketed conductors and caused no damage or erosion to the coating.

Over time, it became clear that polyethylene insulators had broader benefits for a wide range of cables including aluminum conductor steel reinforced (ACSR) cable, aluminum and copper bare wire. The new lighter weight insulators provided longer leakage distances, were compatible with all conductor types and were UV and track resistant. This toughness allowed HDPE insulators a field life expectancy greater than the 50 years expected for porcelain insulators.

*Courtesy: T&D WORLD*

## 2. India's first domestically built 700 MW nuclear reactor starts commercial Operations in Gujarat

India's first indigenously developed 700 MW nuclear power reactor at the Kakrapar Atomic Power Project (KAPP) in Gujarat started commercial operations on 30.06.2023. Presently, the unit is operating at 90 per cent of its total power.The Nuclear Power Corporation of India Limited (NPCIL) is building two 700 MW pressurized heavy water reactors (PHWRs) at Kakrapar, which is also home to two 220MW power plants.Various commissioning activities were underway at KAPP 4, which had achieved 96.92 per cent progress by May end, according to officials.The NPCIL plans to build sixteen 700 MW PHWRs across the country and has granted financial and administrative sanction for the same.Construction of 700 MW nuclear power plants is underway at Rawatbhata in Rajasthan (RAPS 7 and 8) and at Gorakhpur in Haryana (GHAVP 1 and 2). The government has sanctioned building of 10 indigenously developed PHWRs in fleet mode at four locations – Gorakhpur in Haryana, Chutka in Madhya Pradesh, Mahi Banswara in Rajasthan and Kaiga in Karnataka.

*Courtesy:ECONOMIC TIMES*



Kollam unit meeting



GB Meeting at Thiruvananthapuram



Ernakulam unit meeting



Kozhikode unit meeting

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628

Price ₹ 10
Postal Reg. No. KL/TV(N)/645/2022-2024
Date of Publication 08.09.2023

കണ്ണൂർ സീനിയർ എഞ്ചിനിയേർസ് ഫോറം അംഗം Er കെ എൻ പത്മനാഭൻ നായനാർ ISRO ചെയർമാൻ ശ്രീ സോമനാഥിനോട്ന്നിച്ചുള്ള (മധ്യത്തിൽ) പഴയ ഒരു ഫോട്ടോ. KSEBEA യുടെ മുൻ പ്രസിഡണ്ട് Er ഇ.മുഹമ്മദ് ഷെരീഫാണ് ഇടതേ അറ്റത്ത്.









Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only